**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1487** **07-10-2021 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് വില്ലേജ് ഓഫീസ് ആയി നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | 2019-20 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയ പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസ് നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത വില്ലേജ് ഓഫീസിന്റെ നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും നിർമാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ? | (ബി) | 2019-20 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയ പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി ശ്രീ.ചാക്കോ വർഗ്ഗീസ് (S/o വർഗ്ഗീസ്.വി.സി., ഫിലാറ്റക്സ് നാച്ചുറൽ ഫിലമെന്റ് എന്റർപ്രൈസസ് ലിമിറ്റഡ്) പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നം.12 റീസർവ്വെ നമ്പർ 55/1-ൽ ഉൾപ്പെട്ട 10 സെന്റ് സ്ഥലം സർക്കാരിലേയ്ക്ക് വിട്ടു നൽകുന്നതിന് തയ്യാറായിട്ടുള്ളതാണ്. എന്നാൽ ടി ഭൂമി ഉൾപ്പെടെ 1.4805 ഹെക്ടർ ഭൂമി ടിയാൾ സൗത്ത് ഇൻഡ്യൻ ബാങ്ക് തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ പണയപ്പെടുത്തിയിട്ടുള്ളതിനാൽ ടി ബാങ്കിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനായി പാലക്കാട് സബ് കളക്ടർ 16/07/2021 തീയതിയിൽ ആർ.ഡി.ഒ. പി.കെ.ഡി/8/2020-സി1 നമ്പർ കത്ത് പ്രകാരം ചീഫ് മാനേജർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. തിരുവനന്തപുരം സൗത്ത് ഇൻഡ്യൻ ബാങ്ക് പ്രധാന ശാഖയിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സ്ഥലം ഏറ്റെടുത്ത് തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ